# ഡിജിറ്റൽ മാഗസിൻ

# സ്പന്ദനം

## മന്നം മെമ്മോറയൽ ഹൈസ്കൂൾ

## നരിയമ്പാറ

# ഉള്ളടക്കം


പൊന്നോണം വന്നല്ലോ

എന്റെ കേരളം

കുയിലമ്മ

പ്രളയം

നിലാവ് പകർന്നു തന്ന നന്മ

വെളിച്ചം

പൂന്തോട്ടം - കവിത

വിശ്വസ്തനായ കൂട്ടുകാരൻ

ശിങ്കാരിതത്തമ്മയും കൺമണികാക്കയും

രണ്ട് ചങ്ങാതിമാർ

പൂമ്പാറ്റ

കാട്

*കർഷകനും സിംഹവും*

# പൊന്നോണം വന്നല്ലോ

ഓണത്തപ്പൻ വന്നല്ലോ
ഓണത്തുമ്പികൾ വന്നല്ലോ
തുമ്പപ്പൂവിൻ തേനുണ്ണാൻ
കുഞ്ഞിത്തുമ്പികൾ വന്നല്ലോ

ഓണപ്പൂക്കൾ വിരിഞ്ഞല്ലോ
അത്തപ്പൂക്കളം ഒരുക്കിയല്ലോ
പുത്തനുടുപ്പുകൾ അണിഞ്ഞല്ലോ
ഓണ സദ്യകൾ ഉണ്ടല്ലോ

By

ARYANANDHA SUBHASH

## കവിത

## എന്റെ കേരളം

എന്റെ കേരളം
എന്റെ സ്വന്തം  കേരളം
ഞാൻ സ്നേഹിക്കുന്ന
എന്റെ കേരളം
എന്റെ ഭൂമി മാത്രം
എന്റെ  ഭൂമി മാത്രം

by:

ജിൾഡ റെജി
IIIA

## കുയിലമ്മ

എന്നും പ്രഭാതത്തിൽ
കണ്ണു തുറക്കുമ്പോൾ
കുയിലമ്മേ നിന്റെ
പാട്ടുകേൾക്കും

എന്തു മധുരമാണാസംഗീതം
എന്തൊരുഭംഗിയാ നിന്റെനിറം
എന്നെയും കൂടി നീ
പാടാൻ പഠിപ്പിക്കുമോ?
എന്തിഷ്ടമാണെനിക്കെന്നോ നിന്നെ
എന്നടുത്തൊന്നു നീയെത്തിടുമോ
കരിനീല സുന്ദരീ കുയിലമ്മേ

by

പ്രിയങ്ക V.S
III B

## പ്രളയം

കഴിഞ്ഞ വർഷവും ഈ വർഷവും പ്രളയം വന്ന് എല്ലാം നശിച്ചു വീടുകൾ, റോടുകൾ, ഒത്തിരി പേരുടെ ജീവനുകൾ, എല്ലാം നശിച്ചു. ഉരുൾ പൊട്ടിയും, വെള്ളം കയറിയും മരങ്ങൾ ഒടിഞ്ഞുവീണും,എല്ലാമാണ് പകുതിപേരുടെയും ജീവൻ വെടിയേണ്ടിവന്നത്. കോടിക്കണക്കിന് കൃഷികളും നശിച്ചു. മനുഷ്യരുടെ ജീവൻ രക്ഷിക്കാൻ വേണ്ടി പട്ടാളക്കാരും, പോലിസുക്കാരും എത്തി പക്ഷികളും, മൃഗങ്ങളും മനുഷ്യരും നശിച്ചു .ഏറ്റവും ഒടുവിൽ ഗതികെട്ട് ഡാമുകൾ ഇടിഞ്ഞു പോകുകയും ചെയ്തു.

BY -Sreedevi.S

6B

# നിലാവ് പകർന്നു തന്ന നന്മ വെളിച്ചം

*ഞാൻ കുട്ടിയായിരുന്നപ്പോൾ*
*അമ്മതൻ മടിയിലിരുത്തി-*
*ഒരുരുളചോറുവാരിതന്ന*
*അമ്മയാണെൻെറ സ്വപ്നം*

*അറിവിൻെറ വാതിൽ*
*തുറക്കമെൻ ഗുരുവിൻെറ*
*ഹൃദയത്തിൽ തൊട്ടുനീ*
*സന്തോഷമേകണേ...*

*BY-VAIGABAIYA*
*VC*

## പൂന്തോട്ടം - കവിത

തോട്ടത്തിൽ നിൽക്കുന്ന പൂക്കളെക്കാണുവാനെന്തു ഭംഗി
തേൻകുടിക്കാൻ പൂമ്പാറ്റയും വണ്ടും
പൂമ്പാറ്റക്കെത്രകുടിച്ചിട്ടും
മതിയാവുന്നില്ല പൂക്കളിൽ
വണ്ട്മൂളികൊണ്ട് പൂന്തോട്ടം മുഴുവൻ
പാറിപറന്നു ഹായ് എന്തു ഭംഗി
ആ കാഴ്ച്ച കാണാൻ കാറ്റിലാടിക്കൊണ്ട്
നൃത്തം ചെയ്ത് നിൽക്കുകയാണ്
പൂക്കൾ..................

*ശ്രീലക്ഷ്മി എസ്*

# വിശ്വസ്തനായ കുട്ടുകാരൻ

പണ്ട് പണ്ട് ഒരു കാട്ടിൽ കുട്ടു എന്ന പേരുള്ള ഒരാന ജിവിച്ചിരുന്നു.അതിനെ നാട്ടുക്കാർക്കു വളരെ ഇഷ്ടമായിരുന്നു.ഒരിക്കൽ ഒരു വഴിയാത്രക്കാരൻ റോഡ് കടക്കുകയായിരുന്നു . അപ്പോൾ വളരെ വേഗത്തിൽ ഇടതുവശത്തുനിന്ന് ഒരു ബസ്സ് വരുന്നതു ഇദ്ദേഹം കണ്ടില്ല. ഇതു കണ്ടുനിന്ന കുട്ടു തൻെറ തുമ്പികൈകൊണ്ട് ആ മനുഷ്യനെ റോഡരികിലേക്കു മാറ്റി നിർത്തി.

നാട്ടുകാരുടെ ആവശ്യങ്ങളിൽ അവരെ സഹായിച്ചുകൊണ്ടിരുന്ന കുട്ടുവിനോടുള്ള അവരുടെ ഇഷ്ടം വളരെ അധികം വർദ്ധിച്ചു. അങ്ങനെ അവർ കുട്ടു എന്ന പേരുമാറ്റി വിശ്വസ്തനായ കുട്ടുകാരൻ എന്നാക്കി.

Deon jacob Kurian
Class: 6 A

## ശിങ്കാരിതത്തമ്മേയും കൺമണികാക്കയും

ചിങ്കാരിവനത്തിലെ ശിങ്കാരിതത്തമ്മ മഹാകുശുമ്പിയും കുറുമ്പിയും അഹങ്കാരിയുമായിരുന്നു . പക്ഷി ലോകത്തിലെ ഏറ്റവും വലിയ സുന്ദരി താനായിരുന്നു എന്നായിരുന്നു വിചാരം .

ഒരികൽ ശിങ്കാരിതത്തമ്മ കാകോത്തക്കാവിൽ കാളകളി കാണാൻ പോയി . കാളകളിയും കണ്ട് കാക്കപ്പഴവും തിന്ന് മടങ്ങിപ്പോരുമ്പോൾ അവൾ കണ്ണാരംകടവിലെ കൺ മണികാക്കയെ കണ്ടുമുട്ടി . കുറുകുറുമ്പിയായ കൺമണികാക്കയെ പച്ചപ്പട്ടുടുത്ത ശിങ്കാരിതത്തമ്മയ്ക്ക് ഒട്ടും ഇഷ്ട്ടപെട്ടില്ല . എന്ന് അവൾ പരിഹാസത്തോടെ പറഞ്ഞു .

“കാക്കപ്പെണ്ണെ കൺമണിയെ
കരിമഷിപോലെ കറുത്തവളെ
നിന്നെ കാണാൻ ചേലില്ല
ഞാനാണേറ്റം സുന്ദരിയാൾ .”

ശിങ്കാരിതത്തമ്മയുടെ പരിഹാസം കേട്ട് കൺമണിക്കാകയ്ക്ക് സങ്കടം തോന്നി അവൾ പറഞ്ഞു .

“എൻെറ പൊന്ന ശിങ്കാരിചേച്ചി എന്നെ
എന്തിനാണിങ്ങനെ ആക്ഷേപിക്കുന്നത്? എന്നെക്കൊണ്ടു
കഴിയുന്ന സഹായം ഞാൻ എല്ലാവർക്കും ചേയ്യുന്നുണ്ടല്ലോ .”
ശിങ്കാരിതത്തമ്മയുടെയും കൺമണിക്കാക്കയുടെയും സംസാരം
കേട്ടുകൊണ്ട് കാട്ടിലെ സമാധാനക്കാരിയായ ശാന്തിനി പ്രാവ്
പറന്നു വന്നു അവൾ പറഞ്ഞു :

“തന്നെത്താനെ സുന്ദരിയായി
തെളിഞ്ഞിടല്ലേ സഖിമാരെ
നിങ്ങടെ കൂടുകൾ കണ്ടാലേ
സൗന്ദര്യത്തിൽ ഗുണമറിയൂ .”

ശരി എങ്കിൽ വരു നമുക്ക് കൂട് കണ്ടിട്ടു വരാം . ആദ്യം
എൻെറ കൂട് തന്നെയാവട്ടെ . ശിങ്കാരിതത്തമ്മ തിടുക്കം
കൂട്ടി . ഒഹോ നമുക്കിപ്പോൾ തന്നെ പുറപ്പെടാം . കൺ
മണികാ
ക്കയും ശാന്തിനി പ്രാവും അവളോടോപ്പം പുറപ്പെട്ടു . അവർ
പറന്നു പറന്ന് ശിങ്കാരിത്തത്തമ്മയുടെ കൂടിനടുത്ത് എത്തി .
അവിടെ എത്തിയപ്പോൾ തന്നെ ശാന്തിനിപ്രാവും കൺ
മണികാക്കയും മൂക്കുപൊത്തി .

ശിങ്കാരിത്തത്തമ്മയുടെ കൂടിനുള്ളിലും പുറത്തും ചീഞ്ഞളിഞ്ഞ പഴങ്ങളും ഉണക്ക കായ്കളും ചിതറിക്കിടന്നിരുന്നു . അതിനിടയിൽ കിടന്ന് പുഴുക്കൾ നുരയ്ക്കുന്നതും ഈച്ചകൾ വട്ടമിട്ടു പറക്കുന്നതും അവർ കണ്ടു . എന്നിട്ടും അത് സമ്മതിച്ചു കൊടുക്കാൻ ശിങ്കാരി
തത്തമ്മ തയ്യാറായില്ല . അവൾ പറഞ്ഞു:

"ഇതിനെക്കാളും മാലിന്യം
കാക്കക്കൂട്ടിൽ കണ്ടിട്ടും
വെറുതെയെന്നെ കളിയാക്കാൻ
ചങ്ങാതികളെ നോക്കേണ്ട"

എങ്കിൽ വാ നമുക്കങ്ങോട്ടുപോകാം ശാന്തിനിപ്രാവും കൺമണി കാക്കയും അപ്പോൾ തന്നെ അവിടെ നിന്ന് പറന്നുനീങ്ങി . ശിങ്കാരിതത്തമ്മയും അവരോടോപ്പം പുറപ്പെട്ടു . അധികം താമസിക്കാതെ അവർ കൺമണികാക്കയുടെ കൂട്ടിലെത്തി . അവിടെ ചെന്നപ്പോൾ ശാന്തിനിപ്രാവും ശിങ്കാരിതത്തമ്മയും അന്തം വിട്ടു നിന്നു . കൺമണികാക്കയുടെ കൂടിനരികിൽ ഒരൊറ്റ ചീഞ്ഞപഴമോ ചപ്പോ ചവറോ ഒന്നും ഉണ്ടായിരുന്നില്ല . അത്ര മനോഹരമായിട്ടാണ് കൺമണികാക്ക അവളുടെ വീട് സൂക്ഷിച്ചിരുന്നത് . അതു കേട്ടപ്പോൾ ശിങ്കാരിതത്തമ്മയുടെ തല പെട്ടന്നു താണു! താനാണ് സുന്ദരി എന്നുള്ള അവളുടെ പൊങ്ങച്ചം

അവസാനിച്ചു . എല്ലാ പക്ഷികളും ശാന്തിനി പ്രാവിൻെറ അഭിപ്രായം അംഗീകരിച്ചു . അതോടെ പക്ഷികൾ പൊങ്ങച്ചം ഉപേക്ഷിച്ച് നല്ലവരായി കഴിയാൻ തുടങ്ങി .

BY:
DEVANANDHA BABY
4-A

## രണ്ട് ചങ്ങാതിമാർ

ഒരിടത്ത് ഒരു വേടൻ ഉണ്ടായിരുന്നു . വേടൻ കാട്ടിലൂടെ നടന്നു പോയപ്പോൾ ഒരു പ്രാവ് മരക്കൊമ്പിൽ ഇരിക്കുന്നതു കണ്ടു . വേടൻ പ്രാവിനെ പിടികൂടാൻ കൈയ്യിലിരുന്ന അമ്പും വില്ലും എടുത്ത് പ്രാവിനു നേരെ ഉന്നം വെച്ചു . ഈ സമയം അതുവഴിപോയ ഉറുമ്പ് പ്രാവിനെ ഉന്നം പിടിച്ചുനിൽക്കുന്നവേടനെ കണ്ടു . പ്രാവിനെ എങ്ങനെയെങ്കിലും രക്ഷിക്കണമെന്ന് ഉറുമ്പ് വിചാരിച്ചു . അപ്പോൾ തന്നെ ഉറുമ്പ് ഓടിച്ചെന്ന് വേടൻെറ കാലിൽ കടിച്ചു . ഉറുമ്പിൻെറ കടിയേറ്റ് വേദന സഹിക്കാൻ കഴിയാത്ത വേടന് പ്രാവിനു നേരെയുള്ള ഉന്നം തെറ്റി . അങ്ങനെ പ്രാവ് രക്ഷപ്പെട്ടു . പിന്നീട് ഒരു ഒഴുക്കിൽ പെട്ട് ഉറുമ്പ് അപകടത്തിലായി . അതുവഴി പറന്നു പൊയ്ക്കോണ്ടിരുന്ന പ്രാവ് ഉറുമ്പ് ഒഴുക്കിൽ പെട്ടത് കണ്ടു . ഉടൻ തന്നെ അടുത്തുനിന്നിരുന്ന ഒരു മരത്തിൽ നിന്നും ഒരു ഇല പറിച്ച് പ്രാവ് ഉറുമ്പിന് ഇട്ടുകൊടുത്തു . ആ ഇലയിൽ കയറി ഇല കരയ്ക്കടുത്തപ്പോഴേക്കും ചാടി ഉറുമ്പ് രക്ഷപ്പെട്ടു . പീന്നിട് പ്രാവും ഉറുമ്പും പിരിയാൻ കഴിയാത്ത ചങ്ങാതിമാരായി മാറി .

BY:

Abhinav Abilash

Class:3B

# പൂമ്പാറ്റ

കാറ്റടിക്കും  തീരത്ത്
പറന്നു വന്നൊരു പൂമ്പാറ്റെ
പൂന്തോട്ടത്തിൽ  നടുവിൽ
പൂന്തേനുണ്ണും പൂമ്പാറ്റെ

കൂട്ടത്തോടെ  ഭംഗിയായി
നൃത്തം ചെയ്യും പൂമ്പാറ്റെ
നിന്നരികിൽ വന്നുനിന്ന്
നൃത്തം കാണാനെന്തൊരുഭംഗി

# കാട്

കാട്ടിൽ ഒരു കുഞ്ഞുണ്ട്
അവിടെ ഒരു മരമുണ്ട്
കാട്ടുനിറയെ കിളികളുണ്ട്
മറ്റുള്ള ജീവികളും എല്ലാവരും ഉണ്ട്

അവിടെ സഞ്ചാരികൾ വരാറുണ്ട്
കിളികൾ കൂവും രാഗം
കിളികൾ പാട്ടുമൊരു രാഗസംഗീതം
മരങ്ങളും അരുവികളും പുഴകളും

## കർഷകനും സിംഹവും

ഒരിക്കൽ ഒരു മാനിനെ പിന്തുടർന്ന സിംഹം വഴിതെറ്റി ഒരു കൃഷിയിടത്തിലെത്തി.

തോട്ടത്തിൻെറ കവാടം കടന്നെത്തിയ സിംഹത്തെ കണ്ട കർഷകൻ അതിനെ പിടികൂടുവാൻ ആഗ്രഹിച്ചു .

അതിനായി അയാൾ ഉടൻ തന്നെ തോട്ടത്തിൻെറ കവാടങ്ങൾ അടച്ചുപൂട്ടി . തോട്ടത്തിലകപ്പെട്ട സിംഹം അക്രമാസക്തമായി . സിംഹം അവിടെ ഉണ്ടായിരുന്ന കർഷകൻെറ ആടുകളെ മുഴുവൻ കൊന്നുതിന്നു .

അതിനുശേഷം അവൻ കർഷകന്റെ കാളയെ ആക്രമിച്ചു

*Nandhana Manoj*

*Class: 3A*



നവനീത് അനിൽകുമാർ

8 എ

# *നന്ദി*